**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 604** **13-10-2026-ൽ മറുപടിയ്ക്ക്**

**തിരുവല്ല നിയോജകമണ്ഡലത്തിൽ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്ന നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വർഗീസ് മാമ്മൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** പത്തനംതിട്ട ട്രാൻസ്മിഷൻ ഡിവിഷനു കീഴിൽ തിരുവല്ല നിയോജകമണ്ഡലത്തിലുൾപ്പെട്ട തിരുമൂലപുരം, തോട്ടഭാഗം എന്നീ സ്ഥലങ്ങളിൽ പുതുതായി കെ.എസ്.ഇ.ബി സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പദ്ധതിയുടെ സ്ഥലലഭ്യത, സ്ഥലമേറ്റെടുക്കുന്നതിനുള്ള തുക, വിഭാവനം ചെയ്തിരിക്കുന്ന സബ്സ്റ്റേഷന്റെ ശേഷി, പ്രതീക്ഷിക്കുന്ന അടങ്കൽ തുക, പദ്ധതി സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി, നിലവിലെ സ്ഥിതി എന്നിവ അറിയിക്കാമോ;

<u>**മറുപടി:**</u> പത്തനംതിട്ട ട്രാൻസ്മിഷൻ ഡിവിഷനു കീഴിൽ തിരുവല്ല നിയോജക മണ്ഡലത്തിലുൾപ്പെട്ട തിരുമൂലപുരം, തോട്ടഭാഗം എന്നീ സ്ഥലങ്ങളിൽ പുതുതായി 110 കെ.വി. നിലവാരത്തിലുള്ള സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയുടെ വിശദമായ സാങ്കേതിക പഠനം നടത്തിയിട്ടുണ്ട്. വിശദ പ്രോജക്ട് റിപ്പോർട്ടിന്റെ (DPR) അനുമതി അന്തിമ ഘട്ടത്തിലാണ്. ഡി.പി.ആർ അന്തിമമായാൽ മാത്രമേ കൂടുതൽ വിവരങ്ങൾ നല്കാൻ സാധിക്കുകയുള്ളൂ. ഡി.പി.ആർ-ന് അനുമതി ലഭ്യമായതിനു ശേഷം ഭരണാനുമതി ലഭ്യമാക്കി തുടർനടപടികൾ കെ.എസ്.ഇ.ബി.എൽ സ്വീകരിക്കുന്നതാണ്.

**(ബി)** തിരുവല്ല നിയോജകമണ്ഡലത്തിലെ വിവിധ സബ്സ്റ്റേഷനുകൾക്ക് പുറമേ റാന്നി, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, പൂഞ്ഞാർ മണ്ഡലങ്ങളിലെ വിവിധ സബ്സ്റ്റേഷനുകൾക്ക് കൂടി തടസരഹിത വൈദ്യുതി എത്തിക്കുന്നതിന്റെ ഭാഗമായി തിരുവല്ല മണ്ഡലത്തിലെ ആനിക്കാട് പ്രദേശത്തു കൂടി കടന്നുപോകുന്ന 220 കെ.വി ട്രാൻസ്മിഷൻ ലൈൻ പ്രയോജനപ്പെടുത്തി ആനിക്കാട് പ്രദേശത്ത് പുതിയ 220 കെ വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പ്രത്യേക പദ്ധതി രൂപീകരിക്കാമോ; വിശദമാക്കാമോ?

<u>**മറുപടി:**</u> ആനിക്കാട് പ്രദേശത്ത് പുതിയ 220 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭസാങ്കേതിക പഠനം ഉടൻ ആരംഭിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**